"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ല - സുൽത്താൻ ബത്തേരി നഗരസഭയുടെ സെൻട്രൽ ബസ് ടെർമിനൽ & കൊമേഴ്സ്യൽ കോംപ്ലക്സ് DBOT വ്യവസ്ഥയിൽ നിർമ്മിക്കുന്നതിന് പുറത്തുനിന്നുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിയ്ക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.355/2026/LSGD    തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:-

1. സുൽത്താൻബത്തേരി നഗരസഭയുടെ 22/09/2025 ലെ 1/1 നം. കൗൺസിൽ തീരുമാനം
2. സുൽത്താൻബത്തേരി മുനിസിപ്പൽ സെക്രട്ടറിയുടെ 26.09.2025 ലെ G1-4096124-25 നമ്പർ അപേക്ഷ
3. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 04.11.2025 ലെ LSGD/PD/34348/2025-DPLD1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരസഭ വാങ്ങിയ 3 ഏക്കർ സ്ഥലത്ത് പുതിയ സെൻട്രൽ ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനും, നഗരസഭയിൽ പഴയ മാർക്കറ്റ് കെട്ടിടം സ്ഥിതിചെയ്തിരുന്ന സ്ഥലത്ത് ഏകദേശം 51 സെന്റ് സ്ഥലത്ത് DBOT (Design, Build, Operate and Transfer) വ്യവസ്ഥയിൽ കെട്ടിടം നിർമ്മിക്കുന്നതിനും പുറത്തുനിന്നുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിയ്ക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി നഗരസഭാ സെക്രട്ടറി സമർപ്പിച്ച പരാമർശം (2) അപേക്ഷയിന്മേൽ, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215 പ്രകാരമുള്ള അധികാരമുപയോഗിച്ച് അനുമതി ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സുൽത്താൻ ബത്തേരി നഗരസഭയുടെ പരാമർശം (1) ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, കേരള സർക്കാർ മുനിസിപ്പാലിറ്റി ആക്ട് 215-ലെ വ്യവസ്ഥകൾ പ്രകാരവും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരസഭ വാർഡ് 22-ലെ രാജീവ് ഗാന്ധി ബൈപാസ് റോഡിനു സമീപം 3 ഏക്കർ സ്ഥലത്ത് പുതിയ പ്രൈവറ്റ് ബസ് സ്റ്റാന്റ്, എസ്.ടി.പി പ്ലാന്റ്, വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ്, ഉൾപ്പെടെയുള്ള **ബസ്സ്റ്റാന്റ് & ഷോപ്പിംഗ് കോംപ്ലക്സും**, നഗരസഭ വാർഡ് 24-ലെ റഹിം

മെമ്മോറിയൽ റോഡിന് സമീപത്തെ പഴയ മാർക്കറ്റ് സ്ഥിതി ചെയ്തിരുന്ന ഏകദേശം 51 സെന്റ് സ്ഥലത്ത് **കൊമേഴ്‌സ്യൽ കോംപ്ലക്സ്** DBOT(Design, Build, Operate and transfer) വ്യവസ്ഥയിൽ നിർമ്മിക്കുന്നതിന് പുറത്തുനിന്നുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നതിന് വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. സെക്രട്ടറി, സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
4. ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
6. കരുതൽ ഫയൽ (ഡി.ബി1/407/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 10-02-2026 11:46:51